No.CEE/1800/B.Tech (LE)-2020/TA2

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# ബി.ടെക് (ലാറ്ററൽ എൻട്രി)–2020 പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു.

കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ ലാറ്ററൽ എൻട്രി മുഖാന്തിരം ബി.ടെക് കോഴ്സിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിന് സർക്കാർ അംഗീകൃത മൂന്ന് വർഷ ഡിപ്ലോമ കോഴ്സ്/ ഡി.വോക് (D.Voc)/ബി.എസ്.സി (പ്ലസ് ടു തലത്തിൽ കണക്ക് ഒരു വിഷയമായി പഠിച്ചിരിക്കണം) പാസായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യതാ പരീക്ഷയിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് അനുസരിച്ചായിരിക്കും പ്രവേശനം. പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന **2020 ഒക്ടോബർ 14 ഉച്ചയ്ക്ക് 2.00 മണി മുതൽ** ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രോസ്പെക്ടസും വിശദമായ വിജ്ഞാപനവും പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. വരുമാനം/സമുദായം/നോൺ ക്രിമീലെയർ തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അപേക്ഷകർ മുൻകൂട്ടി വാങ്ങേണ്ടതും അപേക്ഷയോടൊപ്പം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2525300

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
13.10.2020